# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.471** **27.06.2019 - ൽ മറുപടിയ്ക്ക്**

## കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ പ്രവർത്തനം

| | ചോദ്യം<br>ശ്രീ.എം. സ്വരാജ്<br>ശ്രീ.പി.വി. അൻവർ<br>ശ്രീ.യു. ആർ. പ്രദീപ്<br>ശ്രീ.വി.അബ്ദുറഹിമാൻ | | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തുടനീളം ഗുണമേന്മയുള്ള മരുന്നുകൾ ലാഭേച്ഛയില്ലാതെ പൊതുജനങ്ങൾക്ക് വിതരണം ചെയ്യുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ പ്രവർത്തനം ഈ സർക്കാർ കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിച്ചിട്ടുണ്ടോയെന്നറിയിക്കുമോ; | (എ) | ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 20 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളും 2 കാരുണ്യ മെഡിസിൻ ഡിപ്പോകളും പുതുതായി ആരംഭിച്ചിട്ടുണ്ട്. തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ സ്ഥിതി ചെയ്തിരുന്ന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, ടി ആശുപത്രി പരിസരത്ത് തന്നെ സൗകര്യമേറിയ പുതിയ കെട്ടിട സമുച്ചയത്തിലേയ്ക്ക് മാറ്റി സ്ഥാപിക്കുകയും പ്രവർത്തനസമയം 24 മണിക്കൂറാക്കി ദീർഘിപ്പിക്കുകയും ചെയ്തു. ഹരിപ്പാട് താലൂക്കാശുപത്രിയിൽ സ്ഥിതി ചെയ്തിരുന്ന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമായ ഒരു കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിക്കുകയും പ്രവർത്തനസമയം 8 മണിക്കൂറിൽ നിന്നും 10.30 മണിക്കൂറാക്കി ദീർഘിപ്പിക്കുകയും ചെയ്തു. എടവണ്ണ സാമൂഹ്യാരോഗ്യ കേന്ദ്രം, നെടുങ്കോലം രാമറാവു മെമ്മോറിയൽ താലൂക്കാശുപത്രി, നിലമ്പൂർ ജില്ലാ ആശുപത്രി, ആറ്റിങ്ങൽ താലൂക്കാശുപത്രി, പരിയാരം മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ സമീപഭാവിയിൽ തന്നെ കാരുണ്യ ഫാർമസി ആരംഭിക്കുന്നതാണ്. |
| (ബി) | എല്ലാ മരുന്നുകളും വിപണി വിലയിൽ നിന്നും എത്ര ശതമാനം വിലക്കുറവിലാണ് കാരുണ്യ ഫാർമസി വഴി നൽകുന്നത്; | (ബി) | മരുന്നുകൾക്ക് പരമാവധി 12%, സർജിക്കൽ ഐറ്റംസ്/കൺസ്യൂമബിൾസ് ഗണത്തിൽപ്പെടുന്നവയ്ക്ക് ശരാശരി 15% എന്ന രീതിയിൽ മാർജിൻ നിശ്ചയിച്ചാണ് കാരുണ്യ ഫാർമസിയിലെ വില്പന വില തീരുമാനിക്കപ്പെടുന്നത്. |
| (സി) | കാൻസർ, ഹീമോഫീലിയ, വൃക്കരോഗം തുടങ്ങിയവ ബാധിച്ചവർക്ക് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേന ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ; | (സി) | കാൻസർ, ഹീമോഫീലിയ, വൃക്കരോഗം എന്നിവ ബാധിച്ചവർക്ക് ആവശ്യമായിട്ടുള്ള മരുന്നുകൾ വിവിധ കേന്ദ്ര/സംസ്ഥാനാവിഷ്കൃത പദ്ധതികൾ മുഖാന്തിരം കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിലൂടെ ലഭ്യമാക്കി വരുന്നു.<br>സുകൃതം ചികിത്സാ പദ്ധതി, വിവിധ കേന്ദ്ര/ സംസ്ഥാനാവിഷ്കൃത പദ്ധതികൾ,തദ്ദേശസ്വയംഭരണ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികൾ, എന്നിവയിലെല്ലാം രജിസ്റ്റർ ചെയ്തിട്ടുള്ള കാൻസർ രോഗികൾക്ക് മിതമായ നിരക്കിൽ ഗുണമേൻമയുള്ള മരുന്നുകൾ കാരുണ്യ ഫാർമസി മുഖേന ലഭ്യമാക്കി വരുന്നു.<br>സംസ്ഥാനത്താകമാനം കാരുണ്യ ബെനവലൻറ് ഫണ്ടിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഏകദേശം 1,075 ഹീമോഫീലിയ രോഗികളുടെ ചികിത്സയ്ക്കാവശ്യമായ ഫാക്ടറുകളും, ഫീബയും സംഭരിച്ച്, ടി മരുന്നുകൾ കാരുണ്യ ഫാർമസിയുടെ വിവിധ ഔട്ട് ലെറ്റുകൾ വഴി സൗജന്യമായി തുടർച്ചയായി വിതരണം ചെയ്ത് വരുന്നു. കാരുണ്യ ബെനവലൻറ് ഫണ്ടിൽ ചേർക്കപ്പെട്ടിട്ടില്ലാത്ത രോഗികളെ കേന്ദ്രാവിഷ്കൃത പദ്ധതിയിലുൾപ്പെടുത്തി ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികളും കോർപ്പറേഷൻ സ്വീകരിച്ചിട്ടുണ്ട്.<br>Continuous Ambulatory Peritoneal Dialysis-ന് വിധേയരാകുന്ന വൃക്കരോഗികൾക്ക് CAPD പദ്ധതി പ്രകാരം പ്രതിമാസം 17,500/- രൂപ വരെ വിലയുള്ള പെരിട്ടോണിയൽ ഡയാലിസിസിന് ആവശ്യമായ ദ്രാവകങ്ങൾ (Fluids) കൊറിയർ മുഖാന്തിരം വീടുകളിൽ എത്തിച്ച് നല്കുന്ന പദ്ധതിക്ക് കാരുണ്യ ഫാർമസികൾ സേവനദാതാക്കളായി പ്രവർത്തിക്കുന്നു. ടി ഗുണഭോക്താക്കളെയെല്ലാം കാരുണ്യ ഫാർമസിയുടെ ഫാമിലി മെഡിസിൻ കാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി കാരുണ്യയുടെ വില്പന തുകയ്ക്ക് മേൽ 2% കിഴിവും നല്കിവരുന്നു. |
| (ഡി) | മുതിർന്ന പൗരന്മാർക്കും ശയ്യാവലംബരായ രോഗികൾക്കും ആവശ്യമായ മരുന്നുകൾ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി വഴി സൗജന്യമായി വീട്ടിൽ എത്തിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | തുച്ഛമായ സർവ്വീസ് ചാർജ്ജ് ഈടാക്കി ആവശ്യക്കാർക്ക് മരുന്നുകൾ വീട്ടിലെത്തിച്ച് നൽകുന്ന ഫാമിലി മെഡിസിൻ കാർഡ് പദ്ധതി പൈലറ്റടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കിവരുന്നു. ടി പദ്ധതിയിൽ അംഗമാകുന്നവർക്ക് പ്രാരംഭത്തിൽ 2,500 രൂപ നല്കുമ്പോൾ രജി. നം. പതിപ്പിച്ച ഒരു കാർഡ് നല്കുകയും, തുടർന്ന് കുറിപ്പടി പ്രകാരം മരുന്നുകൾ വീട്ടിലെത്തിച്ച് നല്കുകയും ചെയ്യുന്നു. കൂടുതൽ തുക നല്കി ഗുണഭോക്താവിന് കാർഡ് റീഫിൽ ചെയ്യാവുന്നതും അതിനനുസൃതമായി മരുന്നുകൾ വിതരണം ചെയ്യുന്നതുമാണ്. കാരുണ്യയുടെ വില്പനവിലയിൽ നിന്നും 2% കിഴിവ് ടി ഗുണഭോക്താക്കൾക്ക് നൽകിവരുന്നു. നിലവിൽ ഏകദേശം മൂന്നൂറ്റിയമ്പതോളം ഗുണഭോക്താക്കളുള്ള ഈ പദ്ധതി, മറ്റ് ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്ന കാര്യം പരിശോധിച്ച് വരുന്നു. |

സെക്ഷൻ ആഫീസർ